Draft #4 of File 102491/AD A3-4/2021/ADMIN Approved by ASSISTANT REGISTRAR I (ADMIN) on 06-Dec-2021 09:16 PM - Page 1

150 YEARS OF CELEBRATING THE MAHATMA

MAHATMA GANDHI UNIVERSITY KOTTAYAM

**മഹാത്മാഗാന്ധി സർവ്വകലാശാല, കേരളം**

**സംഗ്രഹം**

ഭരണ കാര്യം - സർവ്വകലാശാലയിലെ ദിവസ വേതന / കരാർ ജീവനക്കാരുടെ വേതനം വർദ്ധിപ്പിച്ചത് - ഭേദഗതി സംബന്ധിച്ച് - സിൻഡിക്കേറ്റ് തീരുമാനം - ഉത്തരവ് പുറപ്പെടുവിക്കുന്നു.

**ഭരണ വിഭാഗം എ 3 സെക്ഷൻ**

നമ്പർ. 6786/AD A 3/2021/എം.ജി.യു പ്രിയദർശിനി ഹിൽസ്,തീയതി: 07.12.2021

*പരാമർശം:*-(1) സർവ്വകലാശാല ഉത്തരവ് നം. 3744/ADA3/2021/എം.ജി.യു. തീയതി, 02.08.2021
2) സർവ്വകലാശാലയിലെ ഇലക്ട്രീഷ്യന്മാരുടെ സമർപ്പണം, തീയതി, 17.08.2021
3) കത്ത് നം. SBS/Animal Attender/2021 തീയതി, 25.08.2021
(4) സിൻഡിക്കേറ്റിലേക്കുള്ള കുറിപ്പ് 90769/ADA3/4/2021/ADMIN തീയതി, 06.10.2021
(5) 20.11.2021 തീയതിയിൽ കൂടിയ സിൻഡിക്കേറ്റ് യോഗത്തിന്റെ മിനിറ്റ്സ് ഇനം നമ്പർ 167/21.05/90769/ADA3/4/2021/ADMIN(102491/21).

**ഉത്തരവ്**

പരാമർശം (1) പ്രകാരം സർവ്വകലാശാലയിലെ ദിവസവേതന ജീവനക്കാരുടെ വേതനം വർദ്ധിപ്പിച്ചിരുന്നു. പ്രസ്തുത ഉത്തരവിൽ ഇലക്ട്രീഷ്യന്മാരുടെ വേതനം നിലവിൽ ലഭിച്ചുകൊണ്ടിരിക്കുന്ന ₹650/- നിന്നും യാതൊരു വർദ്ധനവും വരുത്തിയിട്ടില്ലായെന്നും, ആയതിനാൽ തങ്ങളുടെ ദിവസവേതനത്തിൽ കാലാനുസൃതമായ വർദ്ധനവ് വരുത്തണമെന്നും, സർവ്വകലാശാലയിൽ ദിവസക്കൂലികളായി ജോലി ചെയ്യുന്ന 9 ഇലക്ട്രീഷ്യന്മാർ ചേർന്ന് പരാമർശം (2) പ്രകാരം അപേക്ഷ സമർപ്പിച്ചിരുന്നു. കൂടാതെ, പ്രസ്തുത ഉത്തരവിൽ ഉൾപ്പെട്ടിട്ടുള്ള അനിമൽ അറ്റെൻഡറുടെ വേതനം ₹535 ൽ നിന്നും ₹560 ആയി വർദ്ധിപ്പിച്ചിരിക്കുന്നു എന്നും എന്നാൽ അനിമൽ അറ്റെൻഡറുടെ പഴയ വേതനം ₹530 ആയിരുന്നു എന്നും ആയതിനാൽ, ടി ഉത്തരവിൽ വേണ്ട തിരുത്തൽ വരുത്തണമെന്നും സ്കൂൾ ഓഫ് ബയോസയൻസസിൽ നിന്നും പരാമർശം (3) പ്രകാരം കത്ത് ലഭിച്ചിരുന്നു.

ആയതിന്റെ അടിസ്ഥാനത്തിൽ, പ്രസ്തുത വിഷയം പരിഗണിക്കുന്നതിനായി ബഹു.വൈസ് ചാൻസിലറുടെ ഉത്തരവിൻ പ്രകാരം സിൻഡിക്കേറ്റിലേക്ക് കുറിപ്പ് (പരാമർശം (4)) നൽകിയിരുന്നു. 20.11.2021 തീയതിയിൽ കൂടിയ സിൻഡിക്കേറ്റ് യോഗം പ്രസ്തുത വിഷയം പരിഗണിക്കുകയും പരാമർശം (5) പ്രകാരം താഴെപ്പറയുന്ന വിധം തീരുമാനം എടുക്കുകയുമുണ്ടായി.

1. അനിമൽ അറ്റെൻഡറുടെ നിലവിലെ ശരിയായ വേതനം ₹530 ആണ് (വേതനം ₹500 + റിസ്ക് അലവൻസ് ₹30). ആയതിനാൽ അനിമൽ അറ്റെൻഡറുടെ നിലവിലെ വേതനം ₹535 എന്ന് തെറ്റായി പ്രസ്തുത ഉത്തരവിൽ കാണിച്ചിട്ടുള്ളത് ₹530എന്ന് തിരുത്തുന്നതിനും
2. അനിമൽ അറ്റെൻഡറുടെ വർദ്ധിപ്പിച്ച ശമ്പളം ₹560 ആയി നിലനിർത്തുന്നതിനും
3. ഇലക്ട്രീഷ്യൻ, സ്പെഷ്യൽ ടീച്ചർ എന്നിവരുടെ വേതനം ഇതര വിഭാഗങ്ങൾക്ക് വർദ്ധിപ്പിച്ചതിനാനുപാതികമായി വർദ്ധിപ്പിക്കുന്നതിനും തീരുമാനിച്ചു.

തദനുസരണം ഉത്തരവ് പുറപ്പെടുവിക്കുന്നു.

രമേഷ് ആർ

അസിസ്റ്റന്റ് രജിസ്ട്രാർ 1 (ഭരണ വിഭാഗം)
രജിസ്ട്രാർക്ക് വേണ്ടി

പകർപ്പ്

1. എല്ലാ വിഭാഗങ്ങളും ഡിപ്പാർട്ടുമെന്റുകളും സെന്ററുകളും
2. വി.സി./പി.വി.സി. എന്നിവരുടെ പ്രൈവറ്റ് സെക്രട്ടറിമാർ
3. രജിസ്ട്രാർ/എഫ്.ഒ./സി.ഇ. എന്നിവരുടെ പേർസണൽ അസ്സിസ്റ്റന്റുമാർ
4. ജോയിന്റ് ഡയറക്ടർ ,കെ.എസ്.എ.ഡി.,മഹാത്മാഗാന്ധി സർവകലാശാല
5. എ.ആർ./ഡി.ആർ./ജെ.ആർ.(ഭരണം/അക്കാദമിക്/ഫിനാൻസ്/പരീക്ഷ).
6. പി.ആർ.ഒ /സിറ്റാഡ്/സി.എം.എസ് (വെബ്സൈറ്റിൽ അപ്ലോഡ് ചെയ്യുന്നതിനായി)
7. എഫ്.സി.സി./എ.സി.സി./ഫിനാൻസ് 1/ഓഡിറ്റ് 1/5/ഐ.ക്യു.എ.സി.
8. എഡി എ1/എഡി എ2/എഡി എ4/എഡി എ5/എഡി ബി3/എഡി ബി5/എഡി ഡി
9. സ്റ്റോക്ക് ഫയൽ /റെക്കോർഡ്സ് സെക്ഷൻ/ഫയൽ കോപ്പി.

മഹാത്മാഗാന്ധി സർവ്വകലാശാല, കേരളം

Draft #4 of File 102491/AD A3-4/2021/ADMIN Approved by ASSISTANT REGISTRAR I (ADMIN) on 06-Dec-2021 09:16 PM - Page 2